ഉത്തരം

(എ) ചില പ്രദേശങ്ങളിൽ അല്പം പസമയത്തേയ്ക്കു ജലദൗർല്ലഭ്യമുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) നടപടി എടുക്കത്തക്ക വീഴ്ച ഈ കാര്യത്തിൽ സംഭവിച്ചിട്ടില്ല.

(സി) വേണ്ട മുൻകരുതലുകളും സ്വീകരിക്കുന്നതാണ്.

മിൽമയുടെ പാൽ വിതരണം

1079 [1724] ശ്രീ. ലോനപ്പൻ നമ്പാടൻ ; താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

തിരുവനന്തപുരം ഡയറിയിൽ പാൽ വിതരണം കൂടുമ്പോഴും എറണാകുളം ഡയറിയിൽ അതിന്റെ അളവ് കുറഞ്ഞുവരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കഴിഞ്ഞ മൂന്നു കൊല്ലത്തെ സ്ഥിതിവിവരക്കണക്കനുസരിച്ച് തിരുവനന്തപുരം ഡയറിയിൽ പാൽ വിതരണം കൂടുമ്പോഴും എറണാകുളം ഡയറിയിൽ വിതരണത്തിന്റെ അളവ് കുറഞ്ഞിട്ടുള്ളതായി കാണുന്നില്ല.

മിൽമയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി

1080 [1725] ശ്രീ. കെ. സുകുമാരനുണ്ണി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എല്ലാ ജില്ലയിലേക്കും മിൽമയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ വല്ല പരിപാടിയുമുണ്ടോ ?

ഉത്തരം

മിക്കവാറും എല്ലാ ജില്ലകളിലും ഇപ്പോഴും തന്നെ മിൽമയുടെ പ്രവർത്തനം നടക്കുന്നുണ്ട്. എന്നാൽ പാൽ വിതരണവും പാൽ സംഭരണവും എല്ലാ ജില്ലകളിലും മിൽമ ഏറ്റു നടപ്പാക്കിയിട്ടില്ല.

പൗൾട്രി ഫാമുകൾ

1081 [1726] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1975-76, 1976-77, 1977-78 വർഷങ്ങളിൽ സംസ്ഥാനത്തുള്ള ഓരോ പൗൾട്രി ഫാമിലെയും വരവു ചെലവു കണക്കുകൾ പറയാമോ ;

(ബി) ഫാമുകൾ ആരംഭിച്ചതുമുതൽ ഇന്നുവരെ സ്റ്റോറിനു വന്ന നഷ്ടം എത്രയാണ് ;

(സി) ഈ ഫാമുകൾ നിറുത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) *ഉത്തരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(ബി) കോഴിവളർത്തൽ കേന്ദ്രങ്ങളും വ്യവസായടിസ്ഥാനത്തിൽ നടത്തുന്നില്ല. അതിനാൽ ലാഭനഷ്ടങ്ങളും തിട്ടപ്പെടുത്താനാവില്ല. കർഷകർക്ക് കോഴിമുട്ട, കോഴിക്കുഞ്ഞുങ്ങളും എന്നിവ ചുരുങ്ങിയ വിലയ്ക്കു നൽകുവാണ് ഈ കോഴിവളർത്തൽ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്. അതിനു വേണ്ടിവരുന്ന അധികച്ചെലവ് നഷ്ടമായികണക്കാക്കുന്നതു ശരിയല്ല.

(സി) തൽക്കാലം ഉദ്ദേശമില്ല.

എണ്ണപ്പന കൃഷി

1082 [1727] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ സ്ഥലത്ത് എണ്ണപ്പന കൃഷി വ്യാപിപ്പിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) സംസ്ഥാനത്തുള്ള എണ്ണപ്പനയിൽ നിന്ന് എണ്ണ ലഭ്യമാകാറായോ? ഇല്ലെങ്കിൽ എന്നേക്കാവുമെന്നാണ് കരുതുന്നത് ;

(സി) എണ്ണയെടുക്കുന്നതിനുള്ള ഫാക്ടറി സൗകര്യങ്ങളും ഉണ്ടാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് കമ്പനിയുടെ കീഴിൽ ആകെ 6000 ഹെക്ടർ സ്ഥലത്ത് എണ്ണപ്പന കൃഷി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കഴിഞ്ഞ മൂന്നു വർഷമായി എണ്ണ ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

(സി) ഉല്പാദനം കൂടുന്നതനുസരിച്ച് ഫാക്ടറി സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ട നടപടികളും എടുത്തുവരുന്നു.

കെ എൽ. ഡി. ആർ എം. എം. ബോർഡിന്റെ കീഴിലുള്ള ഡയറികൾ

1083 [1728] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എൽ. ഡി. ആർ എം. എം. ബോർഡിന്റെ കീഴിലുള്ള ഡയറികൾ വഴി ശരാശരി ഒരു ദിവസം എത്ര ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്;

(ബി) കേരളത്തിൽ നിന്നും തമിഴ് നാട്ടിലേക്ക് കഴിഞ്ഞ വർഷം എത്ര ലിറ്റർ പാൽ കയറ്റി അയച്ചിട്ടുണ്ട്? തൻമൂലം ബോർഡിന് വന്നിട്ടുള്ള നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ. എൽ. ഡി. ആർ എം. എം. ബോർഡിന്റെ കീഴിലുള്ള ഡയറികൾ വഴി ഇപ്പോൾ ഒരു ദിവസം ശരാശരി 46,900 ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്.

*അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1081 [1726] കാണുക]

1975-76, 76-77, 77-78 വർഷങ്ങളിൽ ഓരോ പൗൾട്രി ഫാമിലേയും വരവു ചെലവുകണക്ക്

	വരവ്			ചിലവ്		
	1975-76	76-77	77-78	1975-76	76-77	77-78
Regional Poultry Farm, Kudappanakunnu	273044	960744	1476377.16	591792	946700	1296761.64
Regional Poultry Farm, Mundayad	246516	306814	438110.15	318025	310115	393144.15
Regional Poultry Farm, Malampuzha	175313	257040	252562.86	397074	408828	489065.29
District Poultry Farm, Quilon	123275	182426	166506.05	149201	305206	329116.39
District Poultry Farm, Manarcaud	147845	207731	291905.00	229229	201191	359331.73
District Poultry Farm, Karappady	91726	136632	112879.37	189130	418897	401510.00
District Poultry Farm, Chathamangalam	172102	163351	167319.75	315966	211931	253399.15
Broiler Farm, Pettah	60603	62667	78541.76	149939	172489	177703.18
Central Hatchery, Chengannur	439757	639757	486080.72	1059058	824533	889214.57